# SJMLPS
# MUTTOM

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

Scanned with OKEN Scanner

## ആമുഖം.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. പൊതു വിദ്യാഭ്യാസത്തെ മികച്ചരീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവും എന്ന് ഉറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന എസ്.ജെ.എം.എൽ.പി സ്കൂൾ മുട്ടം സജീവമായ പി.ടി.എ, എം.പി.ടി.എ, അധ്യാപകസംഘം, രക്ഷകർത്താക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണമെന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയാറാക്കിയിരിക്കുന്നത്.

Scanned with OKEN Scanner

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പിക്കുക.

വായനയെ പ്രോത്സാഹിപ്പിക്കൽ

പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.

അമ്മവായനയിലൂടെ കുട്ടികളുടെ വായന, അറിവ് എന്നിവ വളർത്തുക.

ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ

ഭിന്നശേഷിക്കാരെ എഴുത്തിലും വായനയിലേക്കും നയിക്കൽ.

ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

ഗണിതത്തിൽ അടിസ്ഥാനശേഷി വികസിപ്പിക്കുക.

കുട്ടികളുടെ സർഗശേഷി വികസിപ്പിക്കൽ.

കമ്പ്യൂട്ടർ ലാബ് ആധുനികവൽക്കരിക്കും.

ലൈബ്രറി നവീകരിക്കൽ.

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക്ഷീറ്റുകൾ ലഭ്യമാക്കും.

Scanned with OKEN Scanner

# അക്കാദമിക ഭൗതിക നേട്ടങ്ങൾ
# പരിമിതികൾ.

| നേട്ടങ്ങൾ. | പരിമിതികൾ. |
| --- | --- |
| മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠനസൗകര്യം | ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സമയപരിമിതി മൂലം സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. |
| പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം. | മത്സരപരീക്ഷയിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ടെങ്കിലും അധിക വായനയിലെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |
| പാഠ്യേതരപ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ കൃത്യമായും കാര്യക്ഷമമായും നടപ്പാക്കുന്നു. | |
| നവീകരിച്ച കെട്ടിട - സമുച്ചയം. | ആധുനിക രീതിയിൽ ശിശുസൗഹൃദമായ കെട്ടിടസമുച്ചയമാക്കേണ്ടതുണ്ട്. |
| പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് രക്ഷിതാവുമൊത്ത് പ്രത്യേക പിന്തുണപ്രവർത്തനങ്ങൾ. | കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ PTA മീറ്റിംഗിൽ പോലും [illegible] |

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്നതരത്തിലുള്ള ആശയവിനിമയശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.

കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം കൊടുക്കുക.

സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.

സ്വതന്ത്രഎഴുത്തിന് സജ്ജരാക്കുക.

സാങ്കേതികവിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.

ആശയാവതരണ രീതിയിലൂടെ അടിസ്ഥാനഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യത പ്രയോജനപ്പെടുത്തുക.

Scanned with OKEN Scanner

ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയാറാക്കാനായി രക്ഷകർത്താക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

പരിസര പഠനം.

ശാസ്ത്ര പഠനത്തിൽ താൽപ്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.

ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

സാമൂഹികാവബോധം.

ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

ഗണിതം:

അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.

ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.

ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

Scanned with OKEN Scanner

- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

പ്രവൃത്തിപരിചയം.

നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉല്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

ഇതരവിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

കലാപരിശീലനം

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.

കലാഭിരുചി വളർത്തുക.

ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.

ആധുനിക ശാസ്ത്രസാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

ഓരോ കുട്ടിയും ഒന്നാമനാണ് എന്നബോധം ജനിപ്പിക്കുന്നതരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

Scanned with OKEN Scanner

# ആരോഗ്യ കായികവിദ്യാഭ്യാസം.

മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.

എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

ആരോഗ്യശീലങ്ങൾ വളർത്തുക.

ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

ക്യാംപസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

Scanned with OKEN Scanner

# ഇംഗ്ലീഷ്.

പ്രവർത്തനം. 1

പേര് : ഇംഗ്ലീഷ് ഡയറി (3, 4. ക്ലാസ്സുകളിൽ)

ഉപമേഖല : ലേഖനം. ചുമതല:- ക്ലാസ്ടീച്ചർ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം |

പ്രവർത്തനം. 2.

പേര് : ഇംഗ്ലീഷ് അസംബ്ലി.

ചുമതല :- ഇംഗ്ലീഷ് ക്ലബ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം |
|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ വേദിയിൽ അവതരിപ്പിക്കുന്നതിന്. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിൽ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. |

പ്രവർത്തനം: 3.

പേര് :- ഇംഗ്ലീഷ് - വർക്ക്ഷീറ്റ് ശില്പശാല.

ചുമതല:- ഇംഗ്ലീഷ് ക്ലബ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം. |
|---|---|---|
| ഇംഗ്ലീഷിൽ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെട്ട് വായന, ലേഖനം മെച്ചപ്പെടുത്തുന്നതിന്. | ഓരോ മാസവും രക്ഷിതാക്കളുടെയും ഇംഗ്ലീഷ് അധ്യാപകരുടെയും പിന്തുണയോടെ വർക്ക്ഷീറ്റ് നിർമ്മാണം. | മാസത്തിൽ ഒരിക്കൽ. |

Scanned with OKEN Scanner

## പ്രവർത്തനം. 4.

പേര് :- ഇംഗ്ലീഷ് ബുള്ളറ്റിൻ. (ക്ലാസ് 3,4)

ഉപമേഖല :- ലേഖനം.

ചുമതല :- ക്ലാസ് ടീച്ചർ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഇറക്കുന്നു. | ഓരോ മാസ( |

### അധിക പ്രവർത്തനങ്ങൾ.

News paper reading.
Library book reading. Book review
Riddles competition.
Diary writing
English Magazine.
School Radio.
Skit

Scanned with OKEN Scanner

# ഗണിതം

പ്രവർത്തനം :- 1

പേര് :- ഗണിത വർക്ക്ഷീറ്റ്

ഉപമേഖല :- വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മൂല്യവർ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | വിവിധ നിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള വർക്ക്ഷീറ്റുകൾ തയ്യാറാക്കി നല്കാം. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള വിവിധതരം പ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടേയും പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കുന്നു. | ഓരോ ടേമിന്റെയും തുടക്കത്തിൽ. | ടീച്ചേഴ്സ് |
| | | | |

പ്രവർത്തനം :- 2

പേര് :- ഗണിതമേള.

ഉപമേഖല :- ഗണിതകേളികൾ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിനായി ഗണിതമേള സംഘടിപ്പിക്കുന്നു. | 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസുകളിലും കുട്ടികളുടെ പൂർണ പിന്തുണയോടു കൂടി ഗണിതമേള സംഘടിപ്പിക്കുന്നു. കളിനോട്ട്, മുത്തുകൾ, സംഖ്യാകാർഡുകൾ, സ്ഥാനവില പോക്കറ്റ്, അബാക്കസ്, അളവുപകരണങ്ങൾ എന്നിവ ഗണിതമേളയിൽ ക്രമീകരിക്കുന്നു. | ജൂൺ | class-Teacher |

Scanned with OKEN Scanner

പ്രവർത്തനം :- 3

പേര് :- യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല :- യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റേയും അവസാനം മൂല്യനിർണയം നടത്തി അതിൽ വിഭിന്ന നിലവാരക്കാരായ കുട്ടികൾക്ക് വന്ന പോരായ്മകൾ കണ്ടെത്തി അതിനാവശ്യമായ പരിഹാര ബോധനമാർഗങ്ങൾ അധ്യാപിക നല്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് - ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം:- 4

പേര്:- ഗണിതം മധുരം.

ഉപമേഖല:- ഗണിതകേളി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | കുട്ടികളിൽ അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുന്നതിനായി ക്ലാസ്തല അധികപഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പിന്തുണാ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ ആഗസ്റ്റ് | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

# പരിസരപഠനം.

പ്രവർത്തനം: 1.

പേര്: ശാസ്ത്രപഠനോപകരണശില്പശാല.

ഉപമേഖല: ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്രപരമായ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 2.

പേര്: എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല: ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനതാല്പര്യം വളർത്തുക, ശാസ്ത്രാവബോധം. ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം: 3

പേര്: പരീക്ഷണകിറ്റ്

ഉപമേഖല: നിരീക്ഷണ പ്രവർത്തനങ്ങൾ.

[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചയ്ക്ക് ഉതകുംവിധം ഉള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾക്കും ഉതകുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയാറാക്കൽ. | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ | |

പ്രവർത്തനം: 1 മൊബൈൽ അഡിക്ഷൻ.

പേര്: മൊബൈൽ അഡിക്ഷൻ

ഉപമേഖല: ശാരീരിക, മാനസിക, ആരോഗ്യബോധവൽക്കരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെക്കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണക്ലാസുകൾ, വീഡിയോകളിലൂടെ പ്രദർശനം ഉപദേശക സംവാദങ്ങൾ പോസ്റ്റർനിർമ്മാണം എന്നിവ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യയന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് | |

Scanned with OKEN Scanner

# സാമൂഹികാവബോധം.

## ബോധവത്കരണ ക്ലാസുകൾ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. | ചുമതല |
|---|---|---|---|
| ചർച്ചകൾ പഠനക്ലാസ് ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖം, ബോധവത്കരണ class ഇവ സംഘടിപ്പിക്കൽ. | June to March. | PTA |
| നാടിനെ അറിയാം | പ്രാദേശിക ചരിത്രം കുട്ടികൾക്ക് മനസ്സിലാക്കുന്ന രീതിയിൽ ക്ലാസ് സംഘടിപ്പിക്കൽ | January. | PTA |

Scanned with OKEN Scanner

# വിവര സാങ്കേതിക വിദ്യ

വിവര സാങ്കേതിക വിദ്യയിൽ പരിശീലന

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗിക്കൽ. | പാഠഭാഗങ്ങളെ ICT സാധ്യതകൾ ശേഖരിച്ച് പരിചയപ്പെടുത്തൽ. കുട്ടികളെ പങ്കാളികളാക്കൽ. | June to March. | |
| I.T ലാബ്. | I.T ലാബിന്റെ സഹായത്തോടെ കുട്ടികളുടെ കളിപ്പെട്ടി (play box) ഫലപ്രദമായി കൈകാര്യം ചെയ്യുന്നു. | June to March | |

## ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : ഹെൽത്ത് ചെക്കപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ്. | ജൂൺ-സെപ്തംബർ | P.T.A | |

പ്രവർത്തനം : 2
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | P.T പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ-മാർച്ച് | S.R.G | |

# പ്രവൃത്തി പരിചയം:

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം ദൈർഘ്യം | ചുമതല. |
|---|---|---|---|
| (1) നിർമാണ കഴിവുകൾ വികസിപ്പിക്കൽ. | പ്രവൃത്തി പരിചയ മേളകളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ. ചന്ദനത്തിരി, ചോക്ക്, കുട, പായകൾ, പാവ നിർമാണം etc. | July to November. | Teacher |
| (2) പേപ്പർ ബാഗ് നിർമാണം. | പേപ്പർ ബാഗ് നിർമാണം പരിശീലിപ്പിക്കൽ. | | |
| (3) ഒറിഗാമി പരിശീലനം. | ഒറിഗാമിയിൽ കുട്ടികൾക്ക് പരിശീലനം നൽകൽ. | | |

Scanned with OKEN Scanner

# സർഗ വേദി :

| ലക്ഷ്യം . | പ്രവർത്തനങ്ങൾ | ചുമതല | കാലം . |
|---|---|---|---|
| സർഗ വേദി<br>കലാഭിരുചി വളർത്തൽ | ആഴ്ചയിൽ ഒരു ദിവസം എല്ലാ classലും ഒരു പീരിഡ് കുട്ടികളുടെ വിവിധ കലാപ്രവർ ത്തനങ്ങൾ class-ൽ നടത്താനവസരം നൽകൽ . | Teachers . | എല്ലാ ആഴ്ചയിലും ഒരു ദിവസ |
| ടാലെന്റ് ലാബുകൾ<br>ഓരോ കുട്ടിയു ടെയും താല്പര്യ ത്തിനനുസരിച്ച് പരിശീലനം നൽകൽ . | നൃത്തം , പാട്ട് ചിത്രരചന , ക്രാഫ്റ്റ് തുടങ്ങിയവയിൽ ഏത് ഇനത്തിലാണ് താല്പര്യം എന്ന് കണ്ടെത്തി പരിശീ ലനം നൽകൽ . | എല്ലാ മാസവും | Teachers |

Scanned with OKEN Scanner

# പ്രവർത്തന പദ്ധതികൾ.

## മലയാളം.

| ലക്ഷ്യങ്ങൾ. | പ്രവർത്തനങ്ങൾ. | സമയം |
| --- | --- | --- |
| വായന പുസ്തകം എന്റെ ചങ്ങാതി<br>1. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | ലൈബ്രറിയുടെ ഉപയോഗം മെച്ചമാക്കൽ. ആഴ്ചയിൽ ലൈബ്രറി സന്ദർശനം പുസ്തക ശേഖരണം വായന, കൈമാറിവായന പൊതു വായന ഇവയ്ക്ക് അവസരം നൽകൽ. വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ - മാർച്ച് വരെ.<br>ചുമതല<br>ക്ലാസ് അധ്യാപക |
| എന്റെ വായന<br>2. മികച്ച വായനാശീലം വളർത്തൽ. | Class library സജ്ജീകരിക്കൽ. | |
| | പുസ്തക ശേഖരണം നടത്തൽ. Class-ൽ വായനാ കോർണർ സ്ഥാപിക്കൽ. Class room പ്രവർത്തനങ്ങളെ ലൈബ്രറിയുമായി ബന്ധിപ്പിക്കൽ. | June - March<br>Teachers |

Scanned with OKEN Scanner

# മലയാളം.

## അമ്മവായന.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കൽ | ലൈബ്രറി സന്ദർശനം<br>സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്ന പ്രവർത്തനം. | July 21 മുതൽ [illegible]. | Teachers. |
| * കുട്ടികളെ വായനക്ക് പ്രേരിപ്പിക്കൽ. | അമ്മവായന<br>ആഴ്ചയിൽ ഒരു ദിവസം രക്ഷിതാക്കൾ കുട്ടികൾക്കായി പുസ്തകം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം നൽകൽ. | July - January | Parents Teachers. |
| * വായിച്ച പുസ്തകങ്ങളെക്കുറിച്ച് അവലോകനം. | അസംബ്ലിയിൽ അവതരണം<br>വായിച്ച പുസ്തകങ്ങളെക്കുറിച്ച്, കഥയുടെ ഉള്ളടക്കം അവതരിപ്പിക്കുന്നതിന് അവസരം നൽകൽ (Class, അസംബ്ലി) | July to January | Students |

## മലയാളം.

**ലക്ഷ്യം** — വായന.

1 മുതൽ 4 വരെ classലെ എല്ലാ കുട്ടികളെയും വായനക്ക് പ്രാപ്തരാക്കുക. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തൽ. വായനയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിന്.

**പ്രവർത്തനങ്ങൾ** **അമ്മ വായന.**

ലൈബ്രറിയിലെ പുസ്തക പരിചയം നടത്തൽ.

ആഴ്ചയിൽ ഒരു ദിവസം രക്ഷിതാക്കൾക്ക് ~~പുസ്ത~~ കുട്ടികൾക്കായി പുസ്തകം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ഒരുക്കി നൽകൽ

വായിച്ച പുസ്തകത്തെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കാനും അത് classലും അസംബ്ലിയിലും അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകൽ.

ദിനാചരണങ്ങൾ, പാഠാനുബന്ധമായും കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടാനുള്ള അവസരം ഒരുക്കൽ.

Scanned with OKEN Scanner

| | | | |
|---|---|---|---|
| ലക്ഷ്യം.<br>ലേഖനം<br>3. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെയും പഠനത്തിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് class തല കൈയെഴുത്ത് മാസിക തയ്യാറാക്കൽ. | June - March. | Class Teachers |
| | ഡയറിയെഴുത്ത് പ്രോത്സാഹിപ്പിക്കൽ. (I-ാം class മുതൽ) | " | |
| " കൈയെഴുത്ത് മാസിക<br>4. പരമാവധി കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രോത്സാഹിപ്പിക്കുക. | വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ.<br>മികച്ച രചനകൾ ഉൾപ്പെടുത്തി വാർഷിക പതിപ്പ് തയ്യാറാക്കൽ. | June - March. | Teach |
| " രചനോത്സവം<br>5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക. | വിവിധ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി അവയെ വിഭിന്നമായ വ്യവഹാര രൂപമാക്കി മാറ്റിയെഴുതൽ. | June - March. | Teach |

| | | | |
|---|---|---|---|
| 6. ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം class സമയത്തിൽ നൽകൽ. പ്രത്യേക സമയം കണ്ടെത്തൽ വായന, ലേഖന പ്രവർത്തനങ്ങൾ നൽകൽ. | June to March. | Teachers |
| <u>സർഗ്ഗവേള</u> | | | |
| 7. ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾക്ക് ആസ്വാദ്യകരമായ പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കൽ. | June to March. | Teachers |
| 8. വായനാ താൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികളുടെ സംഭാഷണ ശൈലി, ശബ്ദ വ്യത്യാസം എന്നിവയോടെ പഠനാനുബന്ധ പ്രവർത്തനങ്ങളായി അഭിനയം നടത്തൽ. | ~~Class~~ June to March. | Teachers |
| 9. <u>ഭാഷോത്സവം</u> ഭാഷയുടെ വിവിധ ആശയവിനിമയ | ഭാഷാപ്രസംഗം, കഥപറയൽ, കവിതാ പാരായണം തുടങ്ങിയ | | |

ആശയങ്ങൾ മനസ്സിലാക്കൽ .
ഭാഷാ നൈപുണ്യം
പ്രകടിപ്പിക്കൽ .

കുട്ടികൾക്ക്
ഭാഷാ മികവ്
പ്രകടിപ്പിക്കൽ .

അരങ്ങത്തേക്ക്

ആത്മവിശ്വാസം
വർദ്ധിപ്പിക്കുകയും
വേദികളിൽ ആശയ
വിനിമയമറിയിക്കാൻ
സഹായിക്കുക .

പാഠാനുബന്ധ
പ്രവർത്തനങ്ങൾ
കഥകൾ, പാട്ടുകൾ
ലഘു നാടകങ്ങൾ
എന്നിവ ക്ലാസ്സ്
അരങ്ങിൽ പ്രദർ
ശിപ്പിക്കൽ .